# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4782** | **26.06.2019-ൽ മറുപടിയ്ക്ക്** |
|---|---|

**മാലിന്യശേഖരണ-സംസ്കരണ ഏജൻസികൾ**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.കെ.എൻ.എ. ഖാദർ**<br>**ഡോ.എം. കെ. മുനീർ**<br>**ശ്രീ. എൻ .എ.നെല്ലിക്കുന്ന്**<br>**,, മഞ്ഞളാംകുഴി അലി** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന പ്രദേശങ്ങളിലെ വൻതോതിലുള്ള മാലിന്യശേഖരണവും അവയുടെ സംസ്കരണവും സ്വകാര്യ ഏജൻസികളെ ഏല്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ), (ബി) & (സി) | ഖരമാലിന്യങ്ങൾ സംസ്കരിച്ച് ഊർജ്ജം ഉത്പാദിപ്പിക്കുന്ന തരത്തിലുള്ള കേന്ദ്രീകൃത വേസ്റ്റ്-ടു-എനർജി പ്ലാന്റുകൾ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിന് സർക്കാർ നയപരമായ തീരുമാനമെടുത്തിട്ടുണ്ട്. ആഗോള ടെണ്ടറിലൂടെ കണ്ടെത്തുന്ന സ്വകാര്യ പങ്കാളിയുമായി ചേർന്ന് പൂർണ്ണമായും പൊതു സ്വകാര്യ പങ്കാളിത്ത വ്യവസ്ഥയിലായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികൾ ഏകോപിപ്പിക്കുന്നതിനും പദ്ധതിയുടെ നടത്തിപ്പിനുമുള്ള നോഡൽ ഏജൻസിയായി കെ.എസ്.ഐ.ഡി.സി.യെ നിയമിച്ചിട്ടുണ്ട്. ഒരു ടൺ വേസ്റ്റ് ശേഖരിച്ച് സംസ്കരണശാലയിൽ എത്തിച്ച് സംസ്കരിക്കുന്നതിന് നൽകേണ്ട ടിപ്പിംഗ് ഫീസിനെ അടിസ്ഥാനമാക്കിയാണ് സ്വകാര്യ പങ്കാളികൾ ടെണ്ടറുകൾ സമർപ്പിക്കേണ്ടത്. ആഗോള ടെണ്ടറിൽ പങ്കെടുക്കുന്ന ഏജൻസികളുടെ പ്രവർത്തി പരിചയവും സാങ്കേതിക മികവും ടെക്നിക്കൽ കമ്മിറ്റി വിലയിരുത്തിയ ശേഷം യോഗ്യരായവർക്ക് മാത്രമാണ് വർക്ക് അവാർഡ് ചെയ്യുന്നത്. |
| (ബി) | ഇതിനായി സ്വകാര്യ ഏജൻസികളെ തെരഞ്ഞെടുക്കുന്ന വിധവും ഈടാക്കുന്ന യൂസർ ഫീസിന്റെ വിവരങ്ങളും വിശദമാക്കുമോ; | | |
| (സി) | ഇപ്രകാരമുള്ള ഏജൻസികളുടെ പ്രവൃത്തിപരിചയം കണക്കിലെടുത്ത് യോഗ്യമായവർക്ക് മാത്രം കരാർ നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ